III അടിയന്തര പ്രമേയം

ആദിവാസി ഭൂമി

മി. സ്പീക്കർ : അട്ടപ്പാടിയിലെ ആദിവാസി ഭൂമി തട്ടിയെടുക്കുന്ന ഭൂമാഫിയയ്ക്കെതിരെ പാലക്കാട് ജില്ലാ കളക്ടർ ഗവൺമെന്റിന് നൽകിയ റിപ്പോർട്ട് അംഗീകരിച്ച് മേൽനടപടിയെടുക്കുന്നതിനുപകരം ആറംഗ സമിതിയെ നിയോഗിക്കാൻ മന്ത്രിസഭാ തീരുമാനമെടുത്തതിനാൽ ജില്ലാകളക്ടർ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചാൽ ഉടൻ ശക്തമായ നടപടികൾ സ്വീകരിക്കുമെന്നും ആദിവാസികൾക്ക് നഷ്ടപ്പെട്ടഭൂമി തിരികെ നൽകുമെന്നും ബഹുമാനപ്പെട്ട മന്ത്രി എ. കെ. ബാലൻ സഭയ്ക്ക് നൽകിയ ഉറപ്പ് ഇതോടെ ലംഘിക്കപ്പെട്ടതുമൂലം ഉളവായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, സി.ടി. അഹമ്മദ് അലി, ജോസഫ് എം. പുതുശ്ശേരി, കെ. വി. മോഹനൻ, കെ. ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. വി. രാജേന്ദ്രൻ) : സർ, മണ്ണാർക്കാട് താലൂക്കിലെ കോട്ടത്തറ വില്ലേജിൽ 1275, 1273 സർവ്വേ നമ്പരുകളിൽപ്പെട്ട ഭൂമി ആദിവാസികളിൽ നിന്ന് അന്യാധീനപ്പെടുത്തിയതായുള്ള ഐ. റ്റി. ഡി. പി. പ്രോജക്ട് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭൂമി അന്യാധീനം സംബന്ധിച്ച് പാലക്കാട് ജില്ലാ കളക്ടറെ അന്വേഷണത്തിന് ചുമതലപ്പെടുത്തി. അന്വേഷണത്തിന്റെ ഭാഗമായി 3-07-2010, 6-07-2010, 18-7-2010- എന്നീ തീയതികളിൽ അഗളി സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും രേഖകളുടെ പരിശോധന നടത്തുകയുണ്ടായി. കോട്ടത്തറ വില്ലേജിലെ 1987 മുതലുള്ള രേഖകളും പരിശോധിച്ചു. തുടർന്ന് 23-7-2010-ന് കോട്ടത്തറ വില്ലേജിൽ വച്ച് ഒറ്റപ്പാലം ആർ.ഡി.ഒ. പാലക്കാട് ജില്ലാ രജിസ്ട്രാർ, മണ്ണാർക്കാട് ഡി.എഫ്.ഒ. എന്നിവരുടെ സാന്നിദ്ധ്യത്തിൽ തെളിവെടുപ്പ് നടത്തി. തെളിവെടുപ്പ് വേളയിൽ ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട സ്ഥലങ്ങളിലും ഉദ്യോഗസ്ഥന്മാർ നേരിട്ട് പരിശോധിക്കുകയുണ്ടായി. സർവ്വേ നമ്പർ 1275 -ൽ 1987 മുതൽ 2008 വരെയുള്ള കാലയളവിൽ നൂറിലധികം കൈമാറ്റങ്ങൾ നടന്നതായി അഗളി സബ് രജിസ്ട്രാർ ഓഫീസിൽ നടന്ന കൈമാറ്റം പരിശോധിച്ചതിൽ കാണുകയുണ്ടായി. 2006 മുതലുള്ള കൈമാറ്റങ്ങളിൽ ഭൂരിഭാഗവും അറിടെ കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനമായ സുസ്ലോൺ ഇൻഫ്രാസ്ട്രക്ചറിന്റെ ഉപസ്ഥാപനമായ സാർജന്റ് റിയാലിറ്റീസിന്റെ പേരിൽ നടന്നതായും കാറ്റാടിയന്ത്രംസ്ഥാപിച്ച് 12 ഏക്കർ വീതം പ്ലോട്ടുകളായി വീണ്ടും വിൽപ്പന നടത്തിയതായും കണ്ടെത്തി. പട്ടയങ്ങളിൽ ഇരട്ടിപ്പ് നടന്നതായും സംശയിക്കപ്പെടുന്നു. സർവ്വേ നമ്പർ 1275-ന്റെ ആകെ വിസ്തീർണ്ണം 182.35 ഏക്കർ ആണ്. എന്നാൽ കൈമാറ്റം പരിശോധിച്ചതിൽ 200 ഏക്കറിലധികം ഭൂമി ആധാരം ചെയ്തതായി കാണുന്നു. കുറ്റങ്ങളുടെ വ്യാപ്തി പരിശോധിക്കുന്നതിനും തെളിവുകൾ നശിപ്പിക്കപ്പെടാതിരിക്കുന്നതിനും വില്ലേജ് ഓഫീസറായിരുന്ന ശ്രീമതി ഉഷാ കുമാരിയെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്ന് ഉടൻ തന്നെ കളക്ടർ സസ്പെന്റ് ചെയ്തു. അട്ടപ്പാടി മേഖലയിലെ മറ്റ് വില്ലേജുകളിലും അന്വേഷണം നടത്തേണ്ടതുണ്ടെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടർ വിശദമായി

LIBRARY ARCHIVES Kerala Legislative Assembly

അന്വേഷിച്ചതിന്റെ അടിസ്ഥാനത്തിൽ 24-7-2010-നാണ് ഗവൺമെന്റിലേയ്ക്ക് അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ ലഭിച്ചത്. വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് ഉന്നതതല അന്വേഷണം നടത്തണമെന്നാണ് ഡിസ്ട്രിക്ട് കളക്ടർ ആവശ്യപ്പെട്ടത്. ജില്ലാ കളക്ടറുടെ റിപ്പോർട്ട് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് 28-ാം തീയതി ചേർന്ന മന്ത്രിസഭയിൽ ഇതുസംബന്ധിച്ച് എടുത്ത തീരുമാനം ഗവൺമെന്റിനുവേണ്ടി സഭയിൽ പറഞ്ഞത്. ഇന്നലെ ചേർന്ന മന്ത്രി സഭായോഗം പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് താലൂക്കിൽ അട്ടപ്പാടിയിലെ വിവിധ വില്ലേജുകളിൽ ആദിവാസി ഭൂമി അന്യാധീനപ്പെടുത്തിയതായി ലഭിച്ച പരാതിയിൽ ജില്ലാകളക്ടർ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളുടെ സംയോജിത അന്വേഷണം ആവശ്യമായതിനാൽ അപ്രകാരം അന്വേഷണം നടത്തുന്നതിനും ഓരോ വകുപ്പുകളും സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് വ്യക്തമായ ശുപാർശകൾ സമർപ്പിക്കുന്നതിനുമായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ അഡീഷണൽ ചീഫ് സെക്രട്ടറി (റവന്യൂ), പ്രിൻസിപ്പൽ സെക്രട്ടറി എസ്.സി./എസ്.ടി. വകുപ്പ്, നികുതി, വനം, തദ്ദേശസ്വയംഭരണം, നിയമം എന്നീ വകുപ്പ് സെക്രട്ടറിമാർ എന്നിവർ അടങ്ങുന്ന ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്താനും ഈ കമ്മിറ്റി ഒരു മാസത്തിനകം റിപ്പോർട്ട് ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിക്കാനും തീരുമാനിച്ചു. അതോടൊപ്പം തന്നെ നിലവിൽ ജില്ലാ കളക്ടറും റവന്യൂ ഡിവിഷണൽ ഓഫീസറും സ്വീകരിച്ചുവരുന്ന മറ്റ് നടപടികൾ തുടരേണ്ടതാണെന്നും ഇന്നലെ തീരുമാനിച്ചിട്ടുണ്ട്. വളരെ ശക്തമായ നടപടികൾ ഗവൺമെന്റ് എടുത്ത് കഴിഞ്ഞിരിക്കുകയാണ്. ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ട് കിട്ടിയാൽ അതിന്റെ അടിസ്ഥാനത്തിൽ ശക്തമായ നടപടികൾ ഉണ്ടാകും. അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കുന്നതിനും ആദിവാസി ഭൂമി സംരക്ഷിക്കുന്നതിനും ഈ ഗവൺമെന്റ് പ്രത്യേക പരിഗണനയും പ്രാധാന്യവും കൊടുത്തുകൊണ്ടിരിക്കുന്ന സാഹചര്യമാണ്. ഇത് വെറുതെ വീണ്ടും വീണ്ടും ആവർത്തിച്ച് ഈ ഗവൺമെന്റ് ആദിവാസികളുടെ ഭൂമി സംരക്ഷിക്കുന്നതിൽ വീഴ്ചവരുത്തി എന്നൊരുപുകമറ സൃഷ്ടിക്കാൻ വേണ്ടി നടത്തുന്ന പ്രചരണമാണ്. അതുകൊണ്ട് യാതൊരു കാരണവശാലും ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട വിഷയമല്ല. ഇത് പലതവണ സഭയിൽ ഉന്നയിച്ചതും ഗവൺമെന്റ് നിലപാടുകൾ വിശദീകരിച്ചിട്ടുള്ളതുമാണ്. ഇന്നലെ ചുമതലപ്പെടുത്തിയ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സമിതി ഈ കാര്യത്തിൽ ഏറ്റവും ഗൗരവമായ, ഏറ്റവും ഉയർന്ന തലത്തിലുള്ള അന്വേഷണമാണ് നടത്തുന്നത്. അതുകൊണ്ട് സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, കളക്ടർ വിശദമായി അന്വേഷണം നടത്തിയെന്നാണ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞത്. കളക്ടർ നടത്തിയ അന്വേഷണത്തിന്റെ വിശദമായ റിപ്പോർട്ട് ഗവൺമെന്റിന്റെ കയ്യിലുണ്ട്. ഗവൺമെന്റിന് സമർപ്പിച്ച റിപ്പോർട്ടിന്റെ കോപ്പി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യാണ് എന്റെ കയ്യിലുള്ളത്. ആ റിപ്പോർട്ട് 24-07-2010-ൽ ഗവൺമെന്റിന്റെ കയ്യിൽ കിട്ടിയതുമാണ്. അതിനകത്ത് പ്രധാനമായും രണ്ട് ഭാഗങ്ങൾ ഉണ്ട്. (1) കോട്ടത്തറ വില്ലേജിൽ നടന്നിട്ടുള്ള വ്യാപകമായ തിരിമറി. ആ തിരിമറിക്കകത്ത് ആറ് ആധാരങ്ങളെക്കുറിച്ച്, കളക്ടർ പറയുന്നുണ്ട്. ഈ കള്ള ആധാരങ്ങളുടെ കോപ്പിയാണ് എന്റെ കയ്യിലിരിക്കുന്നത്. 10/44, 10/43, 10/91, 10/19, 454/2007 തുടങ്ങി ആറ് ആധാരങ്ങൾ ആദിവാസി ഭൂമിയിൽ നടന്നിട്ടുള്ള ക്രയവിക്രയങ്ങളെക്കുറിച്ചുള്ളതാണെന്ന് കളക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. അങ്ങനെ പ്രഥമദൃഷ്ട്യാ തന്നെ ആദിവാസികളുടെ ഭൂമി ഈ ആറ് ആധാരങ്ങളിലൂടെ തട്ടിയെടുത്തുവെന്ന് കളക്ടർ നൽകിയ റിപ്പോർട്ടിനെ സംബന്ധിച്ച് പിന്നീട് എന്തിനാണ് രണ്ടാമതൊരന്വേഷണം നടത്തിയതെന്നും ആ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി ഒരു മാസത്തെ സാവകാശം കൊടുത്തത് എന്തിനാണ് എന്നുള്ളതുമാണ് പ്രധാനപ്പെട്ട ചോദ്യം. (2) അങ്ങ് ഇവിടെ സസ്പെൻഷനെക്കുറിച്ച് പറഞ്ഞു. ആരെയാണ് സസ്പെൻഡ് ചെയ്തതെന്ന് അറിയാമോ? ഒരു പാവപ്പെട്ട ഉഷാകുമാരിയെ. ആരാണ് ഉഷാകുമാരിയെന്ന് അറിയാമോ? അത് ഒരു ആദിവാസി സ്ത്രീ. അവരെ ആദ്യം സസ്പെൻഡ് ചെയ്തിട്ട് ആ സസ്പെൻഷൻ കഴിഞ്ഞ് അങ്ങ് തന്നെ ആ സസ്പെൻഷൻ റിവോക്ക് ചെയ്ത് അവരെ സർവ്വീസിൽ കയറ്റിയതാണ്. ശ്രീ. ജോസഫ് എം. പുതുശ്ശേരി, ശ്രീ. സി. പി. മുഹമ്മദ്, ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അടക്കമുള്ള ഞങ്ങളുടെ സംഘം അവിടെച്ചെന്ന് നോക്കി. ഈ സമരത്തിന്റെ പേരിലുള്ള കള്ളത്തരം പുറത്തുവരാൻ പോകുന്നു എന്ന് കേട്ട അതേ ദിവസമാണ് ഉഷാകുമാരിയെ വീണ്ടും സസ്പെൻഡ് ചെയ്തത്. അത് എന്ത് സസ്പെൻഷനാണ്? പാവപ്പെട്ട ഉഷാകുമാരിയാണോ സാർജൻ റിയൽട്ടേഴ്സ് എന്നുപറയുന്ന ഈ കള്ളക്കമ്പനിയുടെ ഉടമസ്ഥ. ഈ കുംഭകോണം മുഴുവൻ പാവപ്പെട്ട ഉഷാകുമാരിയുടെ തലയിൽ കെട്ടിവച്ച്, ഇവിടെ ഭരണത്തിന്റെ ഉന്നതതലങ്ങളിലിരിക്കുന്ന ആളുകളുടെ കയ്യും പങ്കും പുറത്തുവരാതിരിക്കുന്നതിനുവേണ്ടി ഉഷാകുമാരിയെ കവചമാക്കി നിങ്ങൾ വിനിയോഗിക്കുകയാണ്. ഉഷാകുമാരിയെ നിങ്ങൾ വെറുതെ ബലിയാടാക്കുകയാണ്. അതുകൊണ്ട് ഇവിടെ ഇമ്മീഡിയറ്റായി ഈ ആധാരം റദ്ദാക്കണമെന്നുള്ള നടപടി എടുക്കണമെന്നുള്ള കളക്ടറുടെ റിപ്പോർട്ടിന്മേൽ ഈ ഗവൺമെന്റ് അടിയന്തിരമായി ഈ ഭൂമി തിരിച്ചുപിടിച്ച് കാറ്റാടി കമ്പനിയുടെ പ്രവർത്തനം ഉടൻതന്നെ നിർത്തലാക്കുന്നതിനുവേണ്ടിയുള്ള തീരുമാനമെടുക്കണം. നിങ്ങൾ ആരെയാണ് രക്ഷിക്കുന്നത്? നിങ്ങൾ രക്ഷിക്കുന്നത് ഗുജറാത്ത് കേന്ദ്രീകരിച്ചുള്ള മാഫിയാകളേയും പുന കേന്ദ്രീകരിച്ചുള്ള വമ്പിയ റിയൽ എസ്റ്റേറ്റ് മാഫിയകളെയുമാണ്. ആ മാഫിയയ്ക്കുവേണ്ടിയാണ് ഇവിടെ ഈ തിരിമറി നടത്തിയ ആളുകളെ സംരക്ഷിക്കാൻ നിങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഞങ്ങൾ അവിടെ നേരിട്ട് കണ്ടതാണ്. ഭൂമി നഷ്ടപ്പെട്ട പാവപ്പെട്ട ആദിവാസി, അവർ കരഞ്ഞുകൊണ്ട് രസീതുമായി കാവൽ നിൽക്കുകയാണ്. പക്ഷേ അവരുടെ ഭൂമി മറ്റുള്ള ഭൂമാഫിയ തട്ടിക്കൊണ്ടുപോകുകയാണ്. അവിടെ ഉൽപ്പാദിപ്പിക്കുന്ന ഇലക്ട്രിസിറ്റി കേരളത്തിന്റെ ഗ്രിഡിലേയ്ക്ക് ശ്രീ. എ. കെ. ബാലൻ തന്നെ ഡീൽ ചെയ്തെടുക്കുകയാണ്. എന്നിട്ടും ഇത് എവിടെ നിന്നുണ്ടായി എന്ന് ചോദിക്കുന്നില്ല. പാവപ്പെട്ട ആദിവാസികളെ രക്ഷിക്കുന്നതിനു

വേണ്ടി ഉണ്ടാക്കിയ അഫാഡ്സിൽനിന്നാണ് അതിന്റെ രഹസ്യരേഖകൾ പുറത്തുപോയത്. ഇതിനകത്ത് തിരിമറി നടത്തിയ മൂന്നുനാല് ആളുകളുടെ പേര് കളക്ടർ തന്നെ പറഞ്ഞിട്ടുണ്ട്. ബിനു നായർ, ശങ്കര നാരായണൻ തുടങ്ങി പല ആളുകളുടെ പേര് കളക്ടറുടെ റിപ്പോർട്ടിനകത്തുണ്ട്. ഈ മന്ത്രിസഭ എന്ത് ചെയ്തു? ഇന്നലെ ഇത് ചർച്ച ചെയ്തപ്പോൾ നിങ്ങൾ ഈ പേര് കണ്ടില്ലേ? അവർക്കെതിരെ നടപടി എടുക്കാൻ നിങ്ങൾ നോക്കിയോ? ക്രിമിനൽ നടപടി എടുക്കുന്നതിനുവേണ്ടിയുള്ള എന്തെങ്കിലും കാര്യത്തെക്കുറിച്ച് നിങ്ങൾ ആലോചിച്ചിട്ടില്ല. അതാണ് ഇവിടെ പ്രധാനപ്പെട്ട പ്രശ്നമായിരിക്കുന്നത്. കോട്ടത്തറ വില്ലേജിലെ വസ്തു കൈമാറ്റത്തിലൂടെ നടത്തിയ ഈ വമ്പിച്ച തട്ടിപ്പ് കളക്ടറുടെ റിപ്പോർട്ടോടുകൂടി പുറത്തുവന്നിരിക്കുകയാണ്. ആ ഭൂമി തിരിച്ചു പിടിച്ച് ആദിവാസികൾക്ക് കൊടുക്കണം. അത് ആദിവാസികളുടെ ഭൂമിയാണ്. സർ, അങ്ങ് പറഞ്ഞല്ലോ ഇവിടെ ആദിവാസിയുടെ ഭൂമി ഇല്ലെന്ന്. കളക്ടറുടെ റിപ്പോർട്ടിനകത്ത് പറയുന്ന ആദിവാസികളായ കണ്ടൻ മകൻ രവി, പൊന്നൻ മകൻ ചിന്നസ്വാമി, ചെല്ലപ്പൻ മകൻ ചിന്നൻ ഇവർ ആരാണ് സർ? ഇവർ ആദിവാസികളല്ലേ? അവരുടെ ഭൂമിയല്ലേ നഷ്ടപ്പെട്ടത്? ഇടക്കല്ലിൽ ഇടനിലക്കാർ മുഖേന രഹസ്യ കേന്ദ്രത്തിൽവച്ച് ഇവരെ കള്ള സ്റ്റാമ്പ് പേപ്പറിനകത്ത് ഒപ്പ് ഇടുവിപ്പിച്ച് ഇതെല്ലാം കൈക്കലാക്കിയതിനുശേഷം നിങ്ങൾ മറ്റൊരു അന്വേഷണമെന്നുപറയുമ്പോൾ ആ അന്വേഷണം യഥാർത്ഥ തട്ടിപ്പുകാരെ രക്ഷിക്കുന്നതിനുവേണ്ടി നിങ്ങൾ നടത്തുന്ന കപട നാടകമാണെന്നുള്ളത് ആർക്കാണ് അറിയാൻ കഴിയാത്തത്? അതുകൊണ്ട് നിങ്ങൾ ആദിവാസികളുടെ ഭൂമി സാർജന്റ് റിയാലിറ്റീസിന്റെ കയ്യിൽ നിന്ന് തിരിച്ചുപിടിക്കണം. അതിനുശേഷം ഈ കാറ്റാടി യന്ത്രങ്ങളുടെ പ്രവർത്തനം നിർത്തിവയ്ക്കണം. എന്നിട്ട് ഷോളയൂർ,അഗളി എന്നീ വില്ലേജ് ആഫീസുകളിൽ നടന്ന അന്വേഷണം നടത്തുന്നതിനുള്ള നടപടിയിലേയ്ക്ക് പോകണം. വ്യാജ ആധാരങ്ങൾ രജിസ്റ്റർ ചെയ്ത ഉദ്യോഗസ്ഥന്മാർക്കെതിരെ എന്ത് നടപടിയാണ് എടുത്തത്? ഈ കള്ളക്കച്ചവടത്തിനകത്ത് ഉദ്യോഗസ്ഥന്മാർ ആരുമില്ലേ? ഈ കള്ള ആധാരങ്ങൾ രജിസ്റ്റർ ചെയ്തത് അഗളിയിലെ സബ് രജിസ്ട്രാർ ആഫീസിലാണ്. ഇന്നലെ ഈ ഗവൺമെന്റിന്റെ മന്ത്രിസഭ എന്താണ് തീരുമാനിച്ചത്? സബ് രജിസ്ട്രാർ ആഫീസിലെ ഒരു പ്യൂണിനെതിരെപ്പോലും നടപടിയെടുക്കുന്നതിന് ഇന്നലെ നിങ്ങളുടെ മന്ത്രിസഭ തീരുമാനമെടുത്തോ? നിങ്ങൾ ഒന്നും ചെയ്തില്ല. ഇത്തരത്തിൽ കള്ളത്തരം പഠിച്ചിട്ടുള്ള ആളുകളെ പരസ്യമായി രക്ഷിക്കുന്നതിനുവേണ്ടി ഒരു മന്ത്രിസഭ കൂട്ടുനിൽക്കുന്നത് കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമാണ്. ഇന്നലെ കേരളത്തിലെ ആദിവാസികളെ സംബന്ധിച്ചിടത്തോളം "കറുത്ത ദിവസമാണ്." ആദിവാസികളുടെ ഭൂമി തട്ടിപ്പറിച്ചിട്ടുള്ള കൊള്ളക്കാർക്കനുകൂലമായ തീരുമാനമെടുത്ത സർക്കാരിന്റെ നടപടിയെ എതിർക്കുന്നതിനുവേണ്ടി ഈ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, ജില്ലാകളക്ടറെ അന്വേഷണത്തിന് ചുമതലപ്പെടുത്തിയത് ഗവൺമെന്റാണ്. മെയ് മാസാവസാനം ഐ. റ്റി. ഡി. പി. പ്രോജക്ട് ആഫീസറിൽ നിന്ന് ആദിവാസി ഭൂമി അന്യാധീനപ്പെട്ടതുമായി ബന്ധപ്പെട്ട റിപ്പോർട്ട് ഗവൺമെന്റിന് കിട്ടിയപ്പോൾ ജില്ലാ കളക്ടറെ അന്വേഷണത്തിന് ചുമതലപ്പെടുത്തുകയും ജില്ലാകളക്ടർ ആർ. ഡി. ഒ. ഉൾപ്പെടെ വിപുലമായ ഒരു അന്വേഷണം ആരംഭിക്കുകയും ചെയ്തു. ഞാൻ അതിന്റെ ഡേറ്റുകളൊക്കെ ഇവിടെ പറഞ്ഞു. ജില്ലാ കളക്ടറാണ് 24-ാം തീയതി റിപ്പോർട്ട് നൽകിയത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പ്രസംഗിച്ചത് കേട്ടപ്പോൾ തോന്നി, ജില്ലാ കളക്ടറെ നിങ്ങൾ അന്വേഷണത്തിന് ചുമതലപ്പെടുത്തിയതാണോയെന്ന്.....(ബഹളം)..... ജില്ലാ കളക്ടറെ ഞങ്ങൾ ചുമതലപ്പെടുത്തിയതല്ലേ? ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കിട്ടിയ റിപ്പോർട്ടല്ലേ?.....(ബഹളം) .....ആറ് വില്ലേജുകളിലായിട്ടാണ് അട്ടപ്പാടിയിലെ ഭൂമി കിടക്കുന്നത്..... (ബഹളം).....ഞാൻ ഇത് പറയട്ടേ. ആറ് വില്ലേജുകളിലായിട്ടാണ് ഈ ഭൂമി കിടക്കുന്നത്. ഇന്നലത്തെ മന്ത്രിസഭായോഗം ആദിവാസികളെ സംബന്ധിക്കുന്ന "കറുത്ത ദിനമാണ് എന്ന് പറഞ്ഞു. ആദിവാസിയെ വെടിവച്ചുകൊന്ന ഒരു ഗവൺമെന്റിന്റെ പ്രതിനിധികളല്ലേ നിങ്ങൾ? ജോഗി എന്ന ആദിവാസിയെ വെടിവച്ചു കൊല്ലുകയും ഗർഭിണികളും വൃദ്ധരും സ്ത്രീകളും കുഞ്ഞുങ്ങളും ഉൾപ്പെടുന്ന ആദിവാസികളെ ചവിട്ടിമെതിച്ച് നിഷ്ഠുരമായി മർദ്ദിച്ച് അവരെ ജയിലിലടച്ച് ചതിച്ച ഒരു ഗവൺമെന്റല്ലേ? എന്നിട്ടാണോ ആദിവാസികൾക്ക് ഭൂമി കൊടുക്കാനും അവരെ സംരക്ഷിക്കാനും തീരുമാനമെടുത്ത ഒരു ഗവൺമെന്റിനെതിരായി പറയുന്നത്. ജോഗിയുടെ കുടുംബത്തിന്.....(ബഹളം) ഈ സഭയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ആദരണീയനായ മുഖ്യമന്ത്രി ഞങ്ങളെല്ലാം അപ്പുറത്തിരുന്ന സന്ദർഭത്തിൽ വെടിവച്ചുകൊന്ന ജോഗിയുടെ കുടുംബത്തിന് ഒരു ചെറിയ സഹായം ഈ ഗവൺമെന്റ് നൽകണമെന്ന് പതിനെട്ട് പ്രാവശ്യം ഈ സഭയിൽ ഞങ്ങൾ ആവശ്യപ്പെട്ടു. ഞാൻ പേരെടുത്ത് പറയുന്നില്ല. നമ്മളിൽ കുറേപ്പേർ എത്ര ദിവസം ഒരു അന്വേഷണത്തിനുവേണ്ടി നിരാഹാരം കിടന്നു. കേരളത്തിലെ എം.പി. മാരും...നിരാഹാരം കിടന്നു. ബഹുമാനപ്പെട്ട സ്പീക്കർ അങ്ങ് അന്ന് ഇവിടെ അപ്പുറത്ത് ഉണ്ടല്ലോ, എത്ര ആദരണീയരായ, ഉന്നത രാഷ്ട്രീയ നേതാക്കൾ നമ്മുടെ എം. പി. മാർ, നമ്മുടെ വിവിധ കക്ഷിനേതാക്കൾ, വനിതാ നേതാക്കൾ, ശിവദാസമേനോൻ ഉൾപ്പെടെ കേരളത്തിലെ വിവിധ കളക്ടറേറ്റുകളുടെ പടിക്കൽ ആദിവാസികളെ സംരക്ഷിക്കണം, കേസ് അന്വേഷിക്കണം, ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടതിന്റെ പേരിൽ എല്ലാവരെയും തല്ലിച്ചതച്ച ഒരു ഗവൺമെന്റിന്റെ പ്രതിനിധികളല്ലേ നിങ്ങൾ? (ബഹളം)....എന്നിട്ടാണ് ആദിവാസികളെക്കുറിച്ച് ഇവിടെ വന്ന് വലിയ പ്രസംഗം നടത്തുന്നത്. ജോഗിയുടെ കുടുംബത്തിന് ഒരു ഉറുപ്പികയുടെ സഹായം നൽകാൻ കഴിയാത്തവരാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് മൂന്നാമത്തെ മാസം ജോഗിയുടെ മകൾക്ക് ജോലി കൊടുത്തു. 3 ലക്ഷം രൂപ കൊടുത്ത്

LIBRARY ARCHIVES Kerala Legislative Assembly

ആ കുടുംബത്തെ സഹായിച്ചു. എല്ലാ ആദിവാസി കുടുംബങ്ങൾക്കും സഹായമെത്തിച്ചു കൊടുത്തു. ജാനുവിന്റെ അമ്മയുടെ കയ്യിൽ സഹായം കൊണ്ടു കൊടുത്തത് ഞങ്ങളല്ലേ ? (ബഹളം).....ജാനുവിന്റെ മുഖത്തും നെഞ്ചത്തും ചവിട്ടി, ഒരു പാവം ആദിവാസി സ്ത്രീയെ ക്രൂരമായി മർദ്ദിച്ച ഒരു സർക്കാരിന്റെ പ്രതിനിധികളല്ലേ നിങ്ങൾ ?

ആ നീര് വന്ന മുഖത്തിന്റെ ചിത്രം ഈ കേരളത്തിന് തന്നെ അപമാനം ഉണ്ടാക്കി. ഇന്റർനാഷണൽ ലെവലിൽ നടന്ന ആദിവാസി സമ്മേളനത്തിൽ എടുത്തു കാണിച്ചത് നിങ്ങളുടെ ഗവൺമെന്റ് ചവിട്ടിയതുമൂലം നീര് വന്ന ആ മുഖമാണ്. ഗർഭിണികളേയും കുഞ്ഞുങ്ങളേയും ജയിലിലടച്ച് നിങ്ങൾ എത്ര വലിയ പീഡനമാണ് നടത്തിയത്. ഏത് ആദിവാസികളെ നിങ്ങൾ സഹായിച്ചു? ഏത് ആദിവാസികൾക്ക് നിങ്ങൾ വീട് കൊടുത്തു? നിങ്ങൾ ആദിവാസികൾക്ക് എന്ത് ചെയ്തു? ആദിവാസികളുടെ ഭൂമി അന്യാധീനപ്പെട്ടാൽ അത് തിരിച്ചെടുത്ത് ആദിവാസികൾക്ക് കൊടുക്കാനും കുറ്റക്കാരായവരെ നിയമത്തിന് മുൻപിൽ കൊണ്ട് വരാനുമാണ് ഞങ്ങൾ അന്വേഷണം നടത്തുന്നത്. അതിനാണ് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉന്നതതല കമ്മിറ്റി ഒരു മാസത്തിനകം വ്യക്തമായ ശുപാർശകൾ സഹിതം കൊടുക്കാൻ പോകുന്നത്. അതുകൊണ്ട് ഉഷാകുമാരിയെ സഹായിക്കാൻ, സംരക്ഷിക്കാൻ നല്ല വാദങ്ങളാണ് കൊണ്ടു വരുന്നത്. അത് കയ്യിലിരിക്കട്ടെ. ആ വാദങ്ങളൊക്കെ എനിക്ക് തന്നതാണ്. കുറ്റക്കാർ ആരായാലും ആരുടെ പേരിൽ നിർദ്ദാക്ഷിണ്യം നടപടി സ്വീകരിക്കുന്നതാണ്. ഞാൻ കൂടുതൽ ദീർഘിപ്പിക്കുന്നില്ല, ബഹുമാനപ്പെട്ട എ. കെ. ബാലൻ കൂടി ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുന്നുണ്ട്. സഭ നിറുത്തി വച്ച് ചർച്ച ചെയ്യേണ്ട ഒരു വിഷയവും ഇതിനകത്തില്ല.

ശ്രീ. എ. കെ. ബാലൻ : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, എന്റെ പ്രസംഗം കേട്ട ശേഷം മാത്രമേ വാക്കൗട്ട് നടത്താൻ പാടുള്ളൂ അതിന് മുൻപ് വാക്കൗട്ട് നടത്തരുതെന്നാണ് .....(ബഹളം).....

മി. സ്പീക്കർ : യെസ്.....അങ്ങ് പ്രസംഗിക്കണം.....

ശ്രീ. എ. കെ. ബാലൻ : ഈ പ്രശ്നത്തിൽ കുറ്റവാളികൾക്ക് മാതൃകാപരമായ ശിക്ഷ നൽകുന്നതിന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ കൂടി സഹായമുണ്ടാകണം. ഈ പ്രശ്നം പ്രതിപക്ഷമോ പത്രക്കാരോ അല്ല ആദ്യം കൊണ്ടു വന്നത്. എന്റെ വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഡി.പി. പ്രോജക്ട് ഓഫീസറാണ് ആദ്യമായി ഈ റിപ്പോർട്ട് കളക്ടർക്ക് കൊടുക്കുന്നത്..... (ബഹളം).....കേൾക്കൂ, പത്രത്തിൽ വന്ന ദിവസവും പറഞ്ഞുതരാം.....

മി. സ്പീക്കർ : ശ്രീ. ജോസഫ് എം. പുതുശ്ശേരി, മന്ത്രി പറയട്ടെ.....

ശ്രീ. എ. കെ. ബാലൻ : ഞാൻ പറഞ്ഞതിന് ശേഷം മാത്രം ബഹളമുണ്ടാക്കുക. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇത് കേൾക്കണം, 7-5-2010-നാണ് ഐ.ടി.ഡി.പി. പ്രോജക്ട് ഓഫീസർ കളക്ടർക്ക് റിപ്പോർട്ട് കൊടു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നത്. 1-ാം തീയതിയാണ് ഇത് പത്രങ്ങളിൽ വന്നത്. കളക്ടർ ഉടനെ തന്നെ ആർ.ഡി.ഒ.യെ ചുമതലപ്പെടുത്തി. 1-6-2010-നാണ് ജില്ലാ കളക്ടർ ആർ.ഡി.ഒ.ക്ക് നിർദ്ദേശം കൊടുത്തത്. 3-7-2010-നും, 9-7-2010-നും, 22-7-2010-നും തെളിവെടുപ്പ് നടത്തി, 24-7-2010-നാണ് കളക്ടർ ഇവിടെ റിപ്പോർട്ട് തന്നത്. അതിനിടയിലാണ് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ 21-7-2010-ന് ഇവിടെ അടിയന്തിര പ്രമേയം കൊണ്ടുവന്നതും മുഖ്യമന്ത്രിക്ക് നോട്ടീസ് കൊടുത്തതും. മുഖ്യമന്ത്രി ഇവിടെ ഉണ്ടായിരുന്നില്ല, റവന്യൂ വകുപ്പുമന്ത്രിക്ക് അസുഖമായതുകൊണ്ട് അദ്ദേഹവും സഭയിലുണ്ടായിരുന്നില്ല. അന്ന് ഞാനാണ് മറുപടി പറഞ്ഞത്. കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശക്തമായിട്ടുള്ള നടപടികൾ സ്വീകരിക്കുമെന്നാണ് ഞാൻ പറഞ്ഞത് അതിൽ ഗവൺമെന്റ് ഉറച്ച് നിൽക്കുകയുമാണ്. കളക്ടറുടെ റിപ്പോർട്ടിന്റെ അവസാനം പറയുന്നത്, മേൽ വിവരിച്ച ക്രമക്കേടുകൾ മറ്റിടപാടുകളിലും ഉണ്ടാവാൻ സാധ്യതയുള്ളതിനാൽ ഇക്കാര്യങ്ങൾ അന്വേഷിക്കാൻ ഒരു പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ച് അന്വേഷണം നടത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അന്വേഷണം സമയബന്ധിതമായി പൂർത്തീകരിക്കുന്നത് അത്യന്താപേക്ഷിതമാണെന്ന് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു." കളക്ടറുടെ ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഒരു വിശദമായ പരിശോധന ആവശ്യമാണെന്ന് ഗവൺമെന്റിന് തോന്നിയത്. കാരണം, അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ ഒരു കാര്യം എടുത്ത് പറഞ്ഞു, "സാർജന്റ് റിയാലിറ്റീസ് ഭൂമി വാങ്ങിയ രേഖകൾ പരിശോധിച്ചതിൽ സർവ്വേ നമ്പർ 1275-ൽ 24 ആധാരങ്ങളും സർവ്വേ നമ്പർ 1273-ൽ 2 ആധാരങ്ങളും ഉള്ളതായി കാണുന്നു. ഈ ആധാരങ്ങളിൽ പ്രസ്താവിച്ച കൈമാറ്റങ്ങളൊന്നും തന്നെ ആദിവാസികളിൽ നിന്ന് വന്നതാണെന്ന് കാണുന്നില്ല. 1987 വരെയുള്ള മുൻ ആധാരങ്ങൾ പരിശോധിച്ചതിലും ആദിവാസി നേരിട്ട് കൈമാറ്റം ചെയ്തതായി കാണുന്നില്ല. അതുകൊണ്ടുതന്നെ 24-1-1986-ന് ശേഷമുള്ള കൈമാറ്റങ്ങൾ നിയമവിരുദ്ധമാണ് എന്ന് പറയാൻ കഴിയില്ല. അപ്പോൾ സ്വാഭാവികമായും ആധാരങ്ങൾ കൈമാറിയത് അതിന് മുമ്പാണ്. ആറേഴ് കൈമാറ്റങ്ങൾക്ക് ശേഷമാണ് ഈ ഭൂമി സാർജന്റ് റിയാലിറ്റീസിന്റെ കയ്യിലേയ്ക്ക് വരുന്നത്. സാർജന്റ് റിയാലിറ്റീസിനു പുറമെ അടയാർ ഹാമും ഇതേ കാലഘട്ടത്തിൽ ഭൂമി വാങ്ങിയിട്ടുണ്ട് എന്ന് കളക്ടർ പറയുന്നുണ്ട്. കള്ളമവ മൾട്ടി പർപ്പസ് കോപ്പറേറ്റീവ് സൊസൈറ്റി, ആരുടെ നിയന്ത്രണത്തിലാണെന്ന് ഞാനിപ്പോൾ പറയുന്നില്ല, ആ സൊസൈറ്റിയും ഭൂമി വാങ്ങിയിട്ടുണ്ട്.....(ബഹളം).....ആരുടെയെങ്കിലും ആയിക്കോട്ടെ, ഈ മൂന്ന് സ്ഥാപനങ്ങളും.....ഞാനൊന്ന് പറഞ്ഞോട്ടെ.....നിങ്ങൾക്കും പറയാമല്ലോ അതെ, അത് തന്നെയല്ലേ പറയുന്നത്, ഞാൻ അതിലേയ്ക്ക് വരികയാണ്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണാ, ഞാൻ അതിലേയ്ക്ക് വരികയാണ്. ആദിവാസികളിൽ നിന്ന് നേരിട്ട് വാങ്ങിയ ഭൂമിയല്ല. അതേസമയം ആധാരമില്ലാതെ റസീപ്റ്റിന്റെയും കൈവശ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ ആറ് ആധാരങ്ങൾ ഇവിടെ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. രജിസ്റ്റർ ചെയ്യപ്പെട്ട ആധാരങ്ങൾക്ക് രണ്ട് മാസത്തിനുള്ളിൽ വിലവർദ്ധിച്ചിട്ടുണ്ട്. ഡ്യൂപ്ലിക്കേറ്റ് ആധാരങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. സ്വാഭാവികമായും ഇതൊരു പരിശോധനയ്ക്ക് വിധേയമാക്കണം. ഭരണതലത്തിൽ ഏറ്റവും

ശക്തനായിട്ടുള്ള ഒരാളാണല്ലോ നമ്മുടെ ചീഫ് സെക്രട്ടറി. അദ്ദേഹത്തിന്റെ കീഴിൽ ഒരു അഡീഷണൽ ചീഫ് സെക്രട്ടറിയും ഒരു പ്രിൻസിപ്പൽ സെക്രട്ടറിയും അതു പോലെ തന്നെ ടാക്സസ്, രജിസ്ട്രേഷൻ, വനം , നിയമ വകുപ്പുകളിലെ സെക്രട്ടറിമാർ അടങ്ങുന്ന ഒരു കമ്മിറ്റി പരിശോധന നടത്തുന്നതിനെ എന്തിനാണ് നിങ്ങൾ എതിർക്കുന്നത്? ഏറ്റവും ശക്തമായിട്ടുള്ള ഒരു അന്വേഷണമല്ലേ നടക്കുന്നത്? ആദിവാസികളുടെ ഒരു സെന്റ് ഭൂമിപോലും നഷ്ടപ്പെടാൻ പാടില്ല, തിരിച്ചെടുക്കണം എന്നല്ലേ നമ്മൾ ആഗ്രഹിക്കുന്നത്? അതാണല്ലോ നിങ്ങളും ആഗ്രഹിക്കുന്നത്. നടപടിയെടുക്കാനാണ് കളക്ടർ പറഞ്ഞത്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ ഒരു അന്വേഷണം ആവശ്യമാണെന്നാണ് കളക്ടർ പറഞ്ഞത്. കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഈ വിദഗ്ദ്ധ കമ്മിറ്റിയെ വച്ചിട്ടുള്ളത്. പ്രാഥമിക അന്വേഷണത്തിൽ കുറ്റക്കാരിയായ ഒരു ഉദ്യോഗസ്ഥയെ സസ്പെന്റ് ചെതിട്ടുണ്ട്. ഇതാണ് ഇതിന്റെ ഒരു ഭാഗം.....(ബഹളം).....അത് ആരോ ആയിക്കോട്ടെ, ഇനി ആദിവാസി അല്ലെന്ന് വിചാരിക്കുക. ഞാൻ ചോദിക്കട്ടെ, 1986-ന് മുൻപ് നടന്ന തീറാധാരത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ കൈവശ സർട്ടിഫിക്കറ്റും ടാക്സ് റസീപ്റ്റും കൊടുത്തത് ആദിവാസി ഉദ്യോഗസ്ഥയാണെങ്കിൽ ആ ആദിവാസി ഉദ്യോഗസ്ഥയെ സസ്പെന്റ് ചെയ്യണ്ടേ? അവർക്കെന്താ പ്രത്യേക പരിഗണനയുണ്ടോ? അതും കളക്ടറുടെ ഈ റിപ്പോർട്ടിൽ പറയുന്നുണ്ടല്ലോ? അപ്പോൾ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആദിവാസിക്ക് ലഭിക്കേണ്ട ഒരു തുണ്ട് ഭൂമി പോലും നഷ്ടപ്പെടാതെ നമുക്ക് തിരിച്ചെടുക്കണം. ബഹുമാനപ്പെട്ട ജോസഫ് എം. പുതുശ്ശേരി ഒരു കാര്യം മനസ്സിലാക്കണം, 1975-ൽ റവന്യൂ ട്രാൻസ്ഫർ, 1985-ൽ രണ്ടാമത്തെ ട്രാൻസ്ഫർ, 1987-ൽ മൂന്നാമത്തെ ട്രാൻസ്ഫർ, 1993-ൽ നാലാമത്തെ ട്രാൻസ്ഫർ, ഇപ്പോഴത്തേത് അഞ്ചാമത്തെ ട്രാൻസ്ഫറാണ്. അപ്പോൾ ഈ ഭൂമി തിരിച്ചെടുക്കാൻ കഴിയണമെങ്കിൽ നമുക്ക് ഈ ഭൂമിയുടെ അടിയാധാരമെല്ലാം പരിശോധിക്കണം. ആരാണ് കുറ്റം ചെയ്തത് എന്ന് നമുക്ക് കണ്ടു പിടിക്കണം. അതിന് നിങ്ങൾ വിഷമിക്കേണ്ട, നമുക്ക് ഈ ആധാരങ്ങൾ ഒന്ന് കൃത്യമായി നോക്കിക്കളയാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങ് ഇവിടെ പറഞ്ഞിട്ടുള്ള മുഴുവൻ കാര്യങ്ങളും സാർജന്റ് റിയാവിറ്റീസ് ആർ.ഡി.ഒ.യ്ക്ക് മുൻപിൽ കൊടുത്ത അഫിഡവിറ്റിനകത്തെ കാര്യങ്ങളാണ്. ആ കോപ്പി കൂടി വേണമെങ്കിൽ ഞാൻ അങ്ങേയ്ക്ക് തരാം. ആ അഫിഡവിറ്റിനകത്തെ വാദഗതികളാണ് അങ്ങ് ഇവിടെ ആവർത്തിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ കളക്ടറുടെ റിപ്പോർട്ടാണ് ഇവിടെ പറഞ്ഞത്. .....(ബഹളം)..... സാർജന്റ് റിയാവിറ്റീസ് പറഞ്ഞതല്ല. കളക്ടറുടെ റിപ്പോർട്ടാണല്ലോ ഇത്. അത് എല്ലാവരുടെയും കയ്യിലുണ്ടല്ലോ. അതുകൊണ്ട് ഭൂമിയുമായി ബന്ധപ്പെട്ടുള്ള പ്രശ്നം അട്ടപ്പാടിയിൽ ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ പേരിൽ അഞ്ച് ഏക്കർ രജിസ്റ്റർ ചെയ്ത താപ്പാനകൾ അവിടെയുണ്ട്. നിങ്ങൾ ഒന്ന്

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിലാക്കണം. ഒരു മന്ത്രിയുടെ പേരിൽ, ഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ട് കൊണ്ടുള്ള ഒരു മാഹിയയുടെ വേരറുക്കണമെങ്കിൽ ഇതിന്റെ എല്ലാ വശങ്ങളും പരിശോധിക്കണം. ആ പരിശോധനയ്ക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെകൂടി സഹായമുണ്ടാകണം. പ്രതിപക്ഷത്തിന്റെകൂടി സഹായമുണ്ടാകണം. ആദിവാസിക്ക് ഒരു തുണ്ടുഭൂമി പോലും നഷ്ടപ്പെടാൻ പാടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 17,100 ആദിവാസികൾക്ക്..... ഞാൻ ഇന്നലെ പറഞ്ഞല്ലോ 17,000 ഏക്കർ ഭൂമി ഞങ്ങൾ കൊടുക്കുമ്പോൾ ഇത് വ്യാജ ആധാരമാണെന്ന് യാതൊരു ലജ്ജയുമില്ലാതെയല്ലേ പല ആളുകൾ പ്രചരണം നടത്തുന്നത് ? ഞാൻ ചോദിക്കട്ടെ, എന്തിനാണ് ആധാരം നടത്തുന്നതിന് പ്രകടനം നടത്തിയത് ? .....(ബഹളം)..... പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും വീഴ്ച ഉണ്ടെങ്കിൽ ഞങ്ങൾ തിരുത്താൻ തയ്യാറാണ്. അട്ടപ്പാടിയിലെ ഭൂപ്രശ്നം ഇതോടുകൂടി അവസാനിപ്പിക്കണം. ഇതിന്റെ അടിവേര് കണ്ടുപിടിക്കണം, അത് അറുക്കണം. അതിന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെകൂടി സഹകരണമുണ്ടാകണം. .....(ബഹളം)..... ചീഫ് സെക്രട്ടറി നേതൃത്വം കൊടുത്തുകൊണ്ട് പ്രഗത്ഭൻമാരായ ആറ് ഐ.എ.എസ് ഉദ്യോഗസ്ഥൻമാർ അടങ്ങിയ ഒരു സമിതിയെ ഞങ്ങൾ വച്ചിട്ടുണ്ട്.....(ബഹളം)..... ഒരർത്ഥത്തിലും ഒരു രൂപത്തിലും അതിന്റെ ക്രെഡിബിലിറ്റിയെ ചോദ്യം ചെയ്യേണ്ട ആവശ്യമില്ല. അതുകൊണ്ട് സഭ നിറുത്തിവച്ച് ഈ പ്രശ്നം ചർച്ച ചെയ്യപ്പെടേണ്ടതില്ല.

ശ്രീ. കെ. എം. മാണി : സർ,

മി. സ്പീക്കർ : നോ. ഇത് ഡിസ്പോസ് ചെയ്തതിനുശേഷം അനുവദിക്കാം. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെയും പിന്നോക്കപട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ചെയർ കരുതുന്നില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

ശ്രീ. കെ. എം. മാണി : സർ, പോയിന്റ് ഓഫ് ഓർഡർ

മി. സ്പീക്കർ: നോ, നോ,..... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിക്കൂ .....(ബഹളം)..... നോ, പ്ലീസ്.....അനുവദിക്കില്ല. അത് പിന്നീട് സംസാരിക്കാം. ഇത് ഡിസ്പോസ് ചെയ്തതിനുശേഷം. .....(ബഹളം)..... ഇത് ഡിസ്പോസ് ചെയ്തതിനുശേഷം പോയിന്റ് ഓഫ് ഓർഡർ.....(ബഹളം)..... പ്ലീസ്, നോ, നോ, ...(ബഹളം)..... അടിയന്തിര പ്രമേയം ഡിസ്പോസ് ചെയ്തതിനുശേഷം പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാം .....(ബഹളം)..... നോ, നോ .....(ബഹളം)..... I will never permit. .....(ബഹളം)..... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്.....

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ...(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : സർ, അനുവദിക്കത്തക്കതല്ലെന്നോ ? I am raising a point of order. .....(ബഹളം).....

മി. സ്പീക്കർ : നോ, നോ..... ഇതുവരെയും നടക്കാത്ത ഒരു കാര്യമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, അങ്ങ് സംസാരിക്കുന്നുണ്ടോ ? പ്ലീസ്..... നോ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് .....(ബഹളം)..... പ്ലീസ്, പ്ലീസ്.....

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, റവന്യൂ വകുപ്പുമന്ത്രിയും പട്ടികജാതി-പട്ടികവർഗ വികസന വകുപ്പുമന്ത്രിയും സമഗ്രമായ അന്വേഷണം നടത്തുമെന്ന് പറഞ്ഞു. ഞങ്ങൾ അന്വേഷണത്തെ എതിർക്കുന്നില്ല. ഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ട ഭൂമാഫിയയുടെ അടിവേരുകൾ കണ്ടുപിടിച്ച് അറുത്തു മാറ്റാൻ ഏത് വിധത്തിലുള്ള അന്വേഷണം നടത്തുന്നതിനേയും ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. പക്ഷേ കളക്ടറുടെ റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരിക്കുന്ന അന്വേഷണം എന്താണ്? സാർജന്റ് റിയാസിറ്റീസ് കോട്ടത്തറ വില്ലേജിലെ സർവ്വേ 1275-ന് പുറമേ മറ്റ് സർവ്വേ നമ്പരുകളിലും കൂടാതെ അഗളി, ഷോളയാർ വില്ലേജുകളിലും ഭൂമി വാങ്ങിയിട്ടുണ്ട്. മേൽവിവരിച്ച ക്രമക്കേടുകൾ മറ്റ് ഇടപാടുകളിലും ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ ഈ കാര്യങ്ങൾ അന്വേഷിക്കാൻ ഒരു പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ച് അന്വേഷണം നടത്തേണ്ടതും അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കേണ്ടതും അത്യന്താപേക്ഷിതമാണെന്ന് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. ക്രമക്കേടുകൾ കണ്ടുപിടിച്ചു. ഇതേ ക്രമക്കേടുകൾ മറ്റ് സർവ്വേ നമ്പരുകളിലും ഈ മൂന്ന് വില്ലേജുകളിലും ഇവർ വാങ്ങിയ ഭൂമിയിലും ഉണ്ടാകാൻ സാധ്യതയുണ്ട്. അത് സമഗ്രമായി അന്വേഷിക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. സമഗ്രമായ അന്വേഷണത്തെ ഞങ്ങൾ എതിർത്തിട്ടില്ല. കളക്ടറുടെ റിപ്പോർട്ടിൽ അർത്ഥശങ്കയില്ലാതെ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ നടപടി സ്വീകരിച്ചിട്ടുവേണം മറ്റ് നടപടികൾ സ്വീകരിക്കേണ്ടത്. ചീഫ് സെക്രട്ടറിയിലോ നിങ്ങൾ ഇപ്പോൾ നിയമിച്ചിരിക്കുന്ന ഉദ്യോഗസ്ഥരിലോ ഞങ്ങൾക്ക് വിശ്വാസക്കുറവ് ഒന്നുമില്ല. അവരൊക്കെ നല്ല ഉദ്യോഗസ്ഥൻമാരാണ്. അവർ അന്വേഷിക്കട്ടെ. അവർ അന്വേഷിച്ചാൽ കൂടുതൽ കാര്യങ്ങൾ വെളിച്ചത്തുവരും. പക്ഷേ കളക്ടർ വിശദമായ അന്വേഷണത്തിനുശേഷം നടത്തിയ റിപ്പോർട്ടിൽ കുറ്റങ്ങൾ കണ്ടുപിടിച്ചതിന്റെ പേരിൽ നടപടി എടുക്കാത്തതാണ് ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. തുടർന്ന് ഇപ്പോൾ കണ്ടുപിടിച്ചിരിക്കുന്ന ക്രമക്കേടുകളെല്ലാം സർവ്വേ നമ്പർ 1275-ൽപ്പെട്ട ഒരു വില്ലേജിലാണ്. മറ്റ് സർവ്വേ നമ്പരുകളിൽപ്പെട്ട മൂന്ന് വില്ലേജുകളുണ്ട്. അത് നിങ്ങൾ അന്വേഷിച്ചോ? ശ്രീ. എ. കെ. ബാലൻ ഐ.റ്റി.ഡി.പി.യുടെ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിനെക്കുറിച്ച് പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി, അദ്ദേഹത്തിന്റെ റിപ്പോർട്ടിന്റെ കോപ്പി ഇവിടെയുണ്ട്. എന്താണ് ആ റിപ്പോർട്ടിൽ ആദ്യം പറഞ്ഞിരിക്കുന്നതെന്ന് അറിയാമോ ? അട്ടപ്പാടി, ഷോളയാർ ഗ്രാമപഞ്ചായത്തിൽ നല്ലശിങ്ക, വനരംപടി പ്രദേശങ്ങളിൽ സുസ്ലോൺ സഹായം കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി ആദിവാസികളുടെ ഭൂമി തട്ടിയെടുത്തെന്നും അവരുടെ സ്വപ്നങ്ങൾ കയ്യേറിയെന്നും കഴിഞ്ഞ ദിവസങ്ങളിൽ ദൃശ്യ മാധ്യമങ്ങളിൽ വന്ന വാർത്ത സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

വിശദമായ പ്രാഥമിക അന്വേഷണം ഈ ഓഫീസിലെ സ്പെഷ്യൽ എക്സ റ്റൻഷൻ ഓഫീസറുടെ നേതൃത്വത്തിൽ നടത്തിയത് സംബന്ധിച്ചുള്ള റിപ്പോർട്ട് ചുവടെ ചേർക്കുന്നു. ഇത് അങ്ങേയ്ക്കുതന്ന റിപ്പോർട്ടാണ്. ക്രമക്കേട് ആദ്യം ഡിപ്പാർട്ടുമെന്റാണ് കണ്ടുപിടിച്ചതെന്നും അതനുസരിച്ചാണ് ഈ റിപ്പോർട്ടെന്നുമാണ് അങ്ങ് പറഞ്ഞത്. റിപ്പോർട്ടിന്റെ തുടക്കത്തിൽത്തന്നെ, മാധ്യമങ്ങളിൽ വന്നതിന്റെ അടിസ്ഥാനത്തിലാണ് അന്വേഷിച്ചതെന്ന് പറഞ്ഞു. ഈ റിപ്പോർട്ട് 17-5-2010-ലാണ് നിങ്ങൾക്ക് കിട്ടിയത്. ഇപ്പോൾ രണ്ടരമാസ മാകുന്നു. നിങ്ങൾ ഇതിന്മേൽ എന്ത് നടപടിയാണ് എടുത്തത്? ഇവിടെ 21-ാം തീയതി ചർച്ച ചെയ്തു. 24-ന് കളക്ടറുടെ റിപ്പോർട്ട് കിട്ടിയല്ലോ ? 17-5-2010-ൽ പ്രാപ്പെട്ട ആദിവാസികളുടെ ഭൂമി തട്ടിയെടുത്തു എന്നതിന് വ്യക്തമായിട്ടുള്ള ഐ.റ്റി.ഡി.പി.യുടെ റിപ്പോർട്ട് നിങ്ങളുടെ കയ്യിൽ കിട്ടിയിട്ടും അതിന്മേൽ നടപടിയെടുക്കാൻ എന്തിനാണ് ഈ താമസം ? നിയമസഭയിൽ ഈ പ്രശ്നം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ച് പ്രശ്നമായി കഴിഞ്ഞപ്പോൾ മൂന്ന് ദിവസത്തിനുള്ളിൽ നിങ്ങൾക്ക് റിപ്പോർട്ട് കിട്ടി.ആ റിപ്പോർട്ട് അങ്ങ് ഉദ്ധരിച്ചപ്പോൾ എനിക്ക് അല്പം ദു:ഖം തോന്നിയ ഒരു കാര്യം കമ്പനി പറഞ്ഞ കാര്യങ്ങളെക്കുറിച്ച് കളക്ടറുടെ റിപ്പോർട്ടിൽ വന്ന ഭാഗം മാത്രം അങ്ങ് വായിച്ചു. ആദിവാസികളുടെ പ്രശ്നങ്ങളെക്കുറിച്ചുകൂടി ആ റിപ്പോർട്ടിലുണ്ട്. സർവ്വേ നമ്പർ 1275-ൽ സാർജന്റ് റിയാലിറ്റീസിന്റെ ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ അവ യൊന്നും നേരിട്ട് ആദിവാസികളിൽ നിന്നും വാങ്ങിയതായി ചേർത്തിട്ടില്ല. അതിനു താഴെ കുറേ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. എന്നാൽ തെളിവെടുപ്പിൽ മേൽപ്പറഞ്ഞ ഭൂമികൾ പലരും തങ്ങളുടെ അടുത്തകാലംവരെ കൈവശം വച്ചുവന്നിരുന്നതായി ആദിവാസികൾ പറയുകയുണ്ടായി. അതിനുതെളിവായി പലരും നികുതി രസീത് ഹാജരാക്കുകയും ചെയ്തു. അവർ തങ്ങളുടേതെന്ന് പുണ്ടിക്കാണിച്ച സ്ഥലങ്ങളിൽ ഇപ്പോൾ കാറ്റാടി യന്ത്രങ്ങൾ സ്ഥാപി ച്ചിരിക്കുന്നതായി കണ്ടു. അങ്ങ് ഇവിടെ പറഞ്ഞ കാര്യങ്ങൾ ആ റിപ്പോർട്ടിലുണ്ട്. ഞാൻ സമ്മതിക്കുന്നു. പക്ഷേ അതോടൊപ്പം തന്നെ കളക്ടർ മറ്റ് ചില കാര്യങ്ങൾ കൂടി പറഞ്ഞിരുന്നു. സാർജന്റ് റിയാലിറ്റീസിന്റെ പേരിൽ രജിസ്റ്റർ ചെയ്ത നാല് ആധാരങ്ങളുടെ അതിരുകളിൽ പറയുന്ന കൈവശക്കാരിൽ പലരും ആദിവാസികളാണെന്ന് അറിയുന്നു. അതുകൊണ്ടുതന്നെ 2006-07 കാലത്ത് ആദിവാസികൾക്ക് മേൽപ്പട്ടി സർവ്വേ നമ്പറിൽ സ്ഥലമുണ്ടെന്ന് തെളിയുന്നു. ഇതൊക്കെ കളക്ടറുടെ റിപ്പോർട്ടിൽ ഉള്ളതാണ്. അതൊന്നും അങ്ങ് വായിച്ചില്ല. അതേസമയം മറ്റ് ചില രേഖകൾ പരിശോധിച്ചിട്ട് ഈ കമ്പനി വാങ്ങിയ ആധാരങ്ങളിൽ ആദിവാസികളിൽ നിന്നും വാങ്ങിയതായി കാണുന്നില്ല എന്നൊരു ഭാഗം മാത്രം അങ്ങ് വായിച്ചതിൽ എനിക്ക് വേദനയുണ്ട്. ശ്രീ എ. കെ. ബാലൻ മറുപടി പറഞ്ഞത് കളക്ടറുടെ റിപ്പോർട്ടും ഐ.ടി.ഡി.പി. റിപ്പോർട്ടുമൊക്കെ ഉദ്ധരിച്ചാണ്. അതിനകത്തുള്ള ചില തെറ്റുകൾ ഞാൻ പുണ്ടിക്കാണിക്കുന്നുവെന്ന് മാത്രമേയുള്ളു. പക്ഷേ ശ്രീ കെ. പി. രാജേന്ദ്രൻ പറഞ്ഞത് മുത്തങ്ങയെക്കുറിച്ചാണ്. ശ്രീ. കെ. പി. രാജേന്ദ്രൻ, മുത്തങ്ങയെക്കുറിച്ച് നമ്മൾ എത്രയോ ദിവസം ഇവിടെ ചർച്ച ചെയ്തു. നമുക്ക് ഇപ്പോൾ അട്ടപ്പാടിയാണ് ചർച്ച ചെയ്യേണ്ടത്. മനസ്സിലായില്ലേ? കളക്ടറുടെ

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ടിലുള്ള ആധാരങ്ങളുടെ ഡേറ്റ് നോക്കണം. എല്ലാ ആധാരങ്ങളും നിങ്ങൾ റവന്യൂ വകുപ്പുമന്ത്രിയായതിനു ശേഷമുണ്ടായ ആധാരങ്ങളാണ്. എന്നിട്ട് ഇപ്പോൾ കളക്ടർ നടത്തിയ അന്വേഷണമെന്താണ്? അദ്ദേഹം ഈ അന്വേഷണത്തിന്റെ ഭാഗമായി 3/07, 6/07, 18/07 തീയതികളിൽ അഗളി സബ് രജിസ്ട്രാർ ഓഫീസിൽ രേഖകളുടെ പരിശോധന നടത്തി. ഇക്കാര്യത്തിനായി കോട്ടത്തറ വില്ലേജിലെ 1887 മുതലുള്ള രേഖകൾ പരിശോധിച്ചു. തുടർന്ന് 23-7-2010-ന് കോട്ടത്തറ വില്ലേജിൽ ഒറ്റപ്പാലം ആർ.ഡി.ഒ., പാലക്കാട് ജില്ലാ രജിസ്ട്രാർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ തെളിവെടുപ്പ് നടത്തി. തെളിവെടുപ്പ് വേളയിൽ ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ സർവ്വേ നമ്പർ 1275-ൽ സ്ഥിതി ചെയ്യുന്ന നല്ലശിങ്ക ഊരുപ്രദേശവും സന്ദർശിച്ചു. ഇത്രയും കാര്യങ്ങൾ നടത്തിയിട്ട് നൽകിയ റിപ്പോർട്ടാണ്. ആ റിപ്പോർട്ടാണ് നിങ്ങൾ കോൾഡ് സ്റ്റോറേജിൽ വയ്ക്കുന്നത്. ഇത് ശരിയാണോ? ഞങ്ങൾക്ക് ഈ ഉദ്യോഗസ്ഥന്മാരിലുള്ള അവിശ്വാസം കൊണ്ടൊന്നുമല്ല. നിങ്ങൾ ഇന്ന് സമയം വാങ്ങുന്നത് അടുത്തുവരാൻ പോകുന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ നിങ്ങളുടെ മുഖം രക്ഷിക്കാൻ വേണ്ടിയാണ്. സംശയമൊന്നും വേണ്ട. ഇന്ന് നടപടിയെടുത്താൽ ഇതിന്റെ പിന്നിലും പ്രവർത്തിച്ചിട്ടുള്ളവർ ഓരോന്നും പുറത്തുവരും. പുറത്തുവരട്ടെ. ഇതിന് ഒരു മാസക്കാലം സമയം കൊടുത്ത് പഞ്ചായത്ത് തെരഞ്ഞെടുപ്പ് നിങ്ങൾക്ക് കഴിഞ്ഞുകിട്ടണം. അതുപോലെതന്നെ കമ്പനിക്കാർക്ക് കോടതിയിൽ പോയി അവർക്ക് നടപടിയെടുക്കാനുള്ള അവസരം കൊടുക്കുകയാണ്. കളക്ടറുടെ റിപ്പോർട്ട് ഇത്രയും വിശദമായി ചർച്ചനടത്തിയത് എന്തിനാണ്? ഇവിടെനിന്നും ഒരു മെസ്സേജ് കൊടുത്തിട്ട് പിറ്റേ ദിവസമൊന്നും കിട്ടിയ റിപ്പോർട്ട് അല്ല. രേഖകൾ പരിശോധിച്ചു. തെളിവെടുപ്പ് നടത്തി. ഏറ്റവും വിവാദമായ സ്ഥലത്തുപോയി നേരിട്ട് അന്വേഷിച്ചു. എന്നിട്ട് ക്രമക്കേടുകൾ ഇങ്ങോട്ട് ചൂണ്ടിക്കാണിച്ചിരിക്കുന്നു. 1275 കഴിഞ്ഞിട്ടുള്ള സർവ്വേ നമ്പറുകളെ കുറിച്ച് വിശദമായ അന്വേഷണം വേണമെന്നുമാണ് പറഞ്ഞിരിക്കുന്നത്. പക്ഷേ അതിന്റെ മറവിൽ നിങ്ങൾ ഇപ്പോൾ വിശദമായ അന്വേഷണം വേണമെന്നുപറഞ്ഞ് ഇത് നീട്ടിക്കൊണ്ടു പോകുകയാണ്. ഇത് ഒരിക്കലും അംഗീകരിക്കാൻ പറ്റുന്ന കാര്യമല്ല. അതുകൊണ്ട് ഞാൻ ബഹുമാനപ്പെട്ട എ. കെ. ബാലനോട് പറയുന്നു. ഞങ്ങൾ വാക്കൗട്ട് നടത്താൻ വന്നവരൊന്നുമല്ല, അങ്ങനെ ധരിക്കേണ്ട. പക്ഷേ നിങ്ങൾ ഈ പാവപ്പെട്ട ആദിവാസികൾക്കെതിരെ പ്രവർത്തിച്ചതിനെക്കുറിച്ചുള്ള കളക്ടറുടെ റിപ്പോർട്ട് നടപ്പിലാക്കാൻ സാധിക്കുമോ? ഇവിടെ ശ്രീ. കെ. പി. രാജേന്ദ്രൻ ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണനോട് ചോദിച്ചു നിങ്ങളുടെ പറച്ചിലുകേട്ടാൽ അന്വേഷണത്തിന് നിങ്ങൾ ഉത്തരവ് ഇട്ടതായി തോന്നുന്നുണ്ടല്ലോയെന്ന്. ഞങ്ങളല്ല ഉത്തരവിട്ടത്. നിങ്ങളിട്ട ഉത്തരവാണ് നിങ്ങളുടെ കളക്ടർ അന്വേഷിച്ച റിപ്പോർട്ട് നടപ്പിലാക്കാൻ സാധിക്കുമോയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. അതിന് ശ്രീ. എ. കെ. ബാലൻ മറുപടി പറഞ്ഞാൽ ഞങ്ങൾ ഇറങ്ങിപ്പോകില്ല. നിങ്ങൾ ഉത്തരവിട്ട അന്വേഷണമാണ് നിങ്ങളുടെ കളക്ടർ ആണ്. ഈ റിപ്പോർട്ട് നടപ്പിലാക്കാൻ നിങ്ങൾ തയ്യാറാകുമെങ്കിൽ, ഈ റിപ്പോർട്ടിൽ പറഞ്ഞതുപോലെ സമഗ്രമായ

LIBRARY ARCHIVES Kerala Legislative Assembly

അന്വേഷണം നടത്തിക്കോ. ഞങ്ങൾ ഇവിടെ വാക്കൗട്ട് നടത്തില്ല. ഞങ്ങൾ ഇത് അംഗീകരിക്കാൻ തയ്യാറാണ്. പക്ഷേ ഈ റിപ്പോർട്ട് നടപ്പിലാക്കുമോ ഇല്ലയോ എന്ന് നിങ്ങൾ പറയണം.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഈ റിപ്പോർട്ട് പരിപൂർണ്ണമായും ഞങ്ങൾ അംഗീകരിക്കുന്നു. അത് നടപ്പിലാക്കുന്നതിന് വേണ്ടിയിട്ടുള്ള നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. അതിന്റെ ഭാഗമാണ് ആധാരം രജിസ്ട്രേഷൻ. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് അറിയാമല്ലോ. ആറാമത്തെ കൈമാറ്റവും അഞ്ചാമത്തെ കൈമാറ്റവും നാലാമത്തെ കൈമാറ്റവും ഇതിലുണ്ട്. ഞാൻ 1975-ൽ ഒരു ഭൂമി ആദിവാസിയുടെ അടുക്കൽ നിന്നും വാങ്ങുന്നു. ഞാൻ അത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് ട്രാൻസ്ഫർ ചെയ്യുന്നു. പ്രതിപക്ഷ നേതാവ് ബഹുമാനപ്പെട്ട ഉപനേതാവ് ശ്രീ. ജി. കാർത്തികേയന് കൊടുക്കുന്നു. പിന്നെ ശ്രീ. കെ. എം. മാണി സാറിന് കൊടുക്കുന്നു. അത് എനിക്ക് തരുന്നു. അപ്പോൾ ഏത് രജിസ്ട്രേഷനാണ് നമ്മൾ ക്യാൻസൽ ചെയ്യേണ്ടത്? ഇതൊരു പ്രശ്നമല്ലേ? .....(ബഹളം)..... ഇത് കൈമാറി കൈമാറി അഞ്ച് ട്രാൻസാക്ഷൻ നടന്നതിനുശേഷമാണ് കമ്പനിയുടെ കൈയിലേയ്ക്ക് വരുന്നത്. ഞാൻ ഒരു ഉദാഹരണം പറയാം. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. .....(ബഹളം)..... ഇവിടെ വളരെ വൈകാരികമായി മലയാള മനോരമ കൊണ്ടുവന്ന ഒരു ഭൂപ്രശ്നമാണ് പാത്തന്റെ പ്രശ്നം. അതായത്, പാത്തന്റെ ഭൂമി ഇവർ വാങ്ങിയെന്നാണ്. 1976-ൽ പാത്തന് മണ്ണാർക്കാട് മുനിസിപ്പൽ നായരിൽ നിന്ന് പട്ടയം കിട്ടിയ ഭൂമിയാണ്. ആ ഭൂമി 1985-ലാണ് ശ്രീ. രാധാകൃഷ്ണന് കൈമാറുന്നത്, 7-6-1985-ൽ. ഞങ്ങളല്ല അന്ന് അധികാരത്തിലുള്ളത്. ഇത് ഫസ്റ്റ് ട്രാൻസ്ഫർ. പിന്നെ 1987-ലാണ് അത് ട്രാൻസ്ഫർ ചെയ്യുന്നത്, 31-1-1987-ന് ആണ് : അന്നും ഞങ്ങളല്ല അധികാരത്തിലുള്ളത്. അപ്പോൾ ഈ രൂപത്തിൽ ട്രാൻസ്ഫർ ചെയ്യപ്പെട്ടിട്ടുള്ള ആധാരങ്ങളിൽ ബോണഫൈഡ് ആയിട്ടുള്ളതും ഫാൾസായിട്ടുള്ളതും ഉണ്ടാകാം. ഇതിന്റെ പരിശോധന നടത്തണ്ടേ? പരിശോധന നടത്തിക്കൊണ്ട് മാത്രമല്ലേ നമുക്ക് ഒരു നടപടിയിലേയ്ക്ക് പോകാൻ പറ്റൂ? അതുകൊണ്ടാണ് റവന്യൂ, റവന്യൂ പട്ടികജാതി/പട്ടികവർഗ്ഗം, നിയമം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു അന്വേഷണം നടത്തുന്നത്. അതിനെ എന്തിനാണ് എതിർക്കുന്നത്? സർ പറഞ്ഞതാണ് ഈ റിപ്പോർട്ടിന്റെ ഉള്ളടക്കം. ഞാൻ അതിന് വിരുദ്ധമായി ഒന്നും പറഞ്ഞിട്ടില്ല. അതേ സമയം ആദിവാസികളിൽ നിന്നും നേരിട്ട് ഭൂമി വാങ്ങിയിട്ടില്ലായെന്നും പറഞ്ഞിട്ടുണ്ട്. ഇത്തരം ഒരു സാഹചര്യത്തിൽ ഈ അടിയാധാരമടക്കം നമ്മൾ പരിശോധിക്കേണ്ടതായിട്ടുണ്ട്. ഭൂമിയുടെ ടൈറ്റിലിനെ സംബന്ധിച്ചും അതിന്റെ ബോണഫൈഡിനെ സംബന്ധിച്ചും സമഗ്രമായ ഒരു പരിശോധന നടത്തേണ്ടതുണ്ട്. സാധാരണ നിലയിൽ രജിസ്ട്രേഷൻ വകുപ്പിനോ അല്ലെങ്കിൽ റവന്യൂ വകുപ്പിനോ സുവോമോട്ടോ അത് റദ്ദ് ചെയ്യാൻ കഴിയില്ല. ചീഫ് സെക്രട്ടറി ചെയർമാനായിട്ടുള്ള ഒരു സമിതിയുടെ പരിശോധനയുടെ ഭാഗമായി, ബോണഫൈഡല്ലെങ്കിൽ പിറ്റേ ദിവസം ഈ ആധാരങ്ങൾ എല്ലാം റദ്ദു ചെയ്യുന്നതായിരിക്കും എന്ന് ഉറപ്പുതരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി : സർ, അങ്ങ് ഇവിടെ ഉന്നയിച്ച കാര്യങ്ങൾ പറഞ്ഞാൽ ആദിവാസികൾക്ക് ഈ ഭൂമി കിട്ടാൻ പോകുന്നില്ല. എനിക്ക് ഒരു കാര്യം ചോദിക്കാനുള്ളത്, ഐ.ടി.ഡി.പി. പ്രോജക്ട് ഓഫീസറുടെ റിപ്പോർട്ട് കിട്ടിയിട്ട് രണ്ടര മാസക്കാലം അനങ്ങാതെയിരുന്ന നിങ്ങൾ ഈ ഒരുമാസക്കാലം കൊണ്ട് ഇതെല്ലാം ശരിയാക്കുമെന്ന് പറഞ്ഞാൽ ആര് വിശ്വസിക്കാനാണ് ? അതുകൊണ്ട് അങ്ങ് പറഞ്ഞതിനകത്ത് ആത്മാർത്ഥതയുണ്ടെങ്കിൽ ആ കാറ്റാടി യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നത് ഒന്ന് നിർത്തിവയ്പ്പിക്കാമോ ? അവർ എല്ലാവരെയും കബളിപ്പിച്ചതല്ലേ ? റവന്യൂ വകുപ്പിനെ കബളിപ്പിച്ചു, രജിസ്ട്രേഷൻ വകുപ്പിനെ കബളിപ്പിച്ചു, ഫോറസ്റ്റുകാരെ കബളിപ്പിച്ചു. ഇപ്പോൾ ഇലക്ട്രിസിറ്റിക്കാരെ കബളിപ്പിച്ച് കാറ്റാടി യന്ത്രത്തിന്റെ അനുമതിയും കേന്ദ്രത്തിൽ നിന്നുള്ള സബ്സിഡിയും വാങ്ങി നടത്തുന്ന അവരുടെ പ്രവർത്തനമൊന്ന് നിർത്തിവയ്പ്പിക്കാനെങ്കിലും നിങ്ങൾക്ക് സാധിക്കുമോ?

ശ്രീ. എ. കെ. ബാലൻ : ഈ ഭൂമി അവർക്കവകാശപ്പെട്ടതല്ല എന്ന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള കമ്മിറ്റി പറഞ്ഞാൽ ആ ദിവസം ഇത് നിർത്തിവയ്ക്കും. ഞങ്ങളുടെ കൈയിൽ രേഖയില്ലാതെ ഞങ്ങൾക്ക് നിർത്തിവയ്ക്കാൻ പറ്റില്ലല്ലോ ? .....(ബഹളം)..... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനറിയാമല്ലോ, പവർ പർച്ചേസ് എഗ്രിമെന്റ് വച്ചിട്ടാണ് നമ്മൾ അവരുടെയടുക്കൽ നിന്നും വൈദ്യുതി വാങ്ങുന്നത്. .....(ബഹളം).....

മി. സ്പീക്കർ : യെസ്... യെസ്.....

ശ്രീ. എ. കെ. ബാലൻ : പാരമ്പര്യേതര ഊർജ്ജമേഖലയുമായി ബന്ധപ്പെട്ടുകൊണ്ട് ഏതു ഡെവലപ്പേഴ്സിനും ഏതു ഭൂമിയിൽ നിന്നും അവർക്ക് കറന്റുണ്ടാക്കാം. കറന്റുണ്ടാക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ട് ഇത് ബോണഫൈഡ് ആയിട്ടുള്ളതാണോ എന്നു മാത്രമാണ് ഗവൺമെന്റ് പരിശോധിക്കേണ്ടത്. ഞങ്ങളുടെ കൈയിൽ കിട്ടുന്ന ഡീഡ്, തീറാധാരം അതുപോലെതന്നെ കൈവശ സർട്ടിഫിക്കറ്റ്, ടാക്സ്, പഞ്ചായത്തിന്റെ എക്സംപ്ഷൻ, എൻ.ഒ.സി. from ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് ഈ രേഖകളെല്ലാം.....(ബഹളം).....അത് കളവാണോ അല്ലയോ എന്നുള്ളത് ഞങ്ങൾ എങ്ങനെ മനസ്സിലാക്കും ? അത് പരിശോധിക്കണ്ടേ ? അല്ലാതെ ഞങ്ങൾക്ക് അത് മനസ്സിലാക്കാൻ പറ്റുമോ ? ....ബഹളം..... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, ഞങ്ങളുടെ കൈയ്യിൽ കമ്പനി തരുന്നത് തീറാധാരമാണ്, കൈവശ സർട്ടിഫിക്കറ്റാണ്, ടാക്സ് അതുപോലെ ലീഗൽ സർട്ടിഫിക്കറ്റാണ്, ഇത് കിട്ടിയതിനുശേഷം അവർ ഞങ്ങളുമായി പവർ പർച്ചേസ് എഗ്രിമെന്റ് വയ്ക്കുന്നു. പവർ വാങ്ങാമെന്നു പറയുന്നു, താരിഫ് റഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്നു. ആര് വിന്റ് എനർജിയുണ്ടാക്കിയാലും ഞങ്ങൾക്ക് വാങ്ങാം. അതിന് യാതൊരു തടസ്സവുമില്ല. ക്വസ്റ്റ്യൻ എന്താണ് ? ഇത് വ്യാജമായിട്ടുള്ള പ്രോപ്പർട്ടിയാണോ എന്നുള്ളതാണ്. അതിന് സമഗ്രമായ ഒരു അന്വേഷണം ആവശ്യമാണ്. എങ്കിൽ മാത്രമേ അത് കോടതിയിൽ നിലനിൽക്കൂ. അല്ലാതെ ഇന്നു ഞങ്ങളത് റദ്ദു ചെയ്തു കഴിഞ്ഞാൽ നാളെ അത് സ്റ്റേ ചെയ്യും. ഞങ്ങൾ കമ്പനിയെ രക്ഷപ്പെടുത്താനുള്ള പഴുതുണ്ടാക്കി കൊടുക്കാൻ ആഗ്രഹിക്കുന്നില്ല.

ശ്രീ. കെ. എം. മാണി : സർ, ഇന്നത്തെ അടിയന്തര പ്രമേയത്തിന് പ്രസക്തമായ കാര്യം... .....(ബഹളം).... കഴിഞ്ഞ 21-ാം തീയതി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച അടിയന്തര പ്രമേയത്തിന് മറുപടി പറയവേ ശ്രീ. എ. കെ. ബാലനും ശ്രീ. എസ്. ശർമ്മയും ഈ സഭയ്ക്ക് നൽകിയ ഒരു കമ്മിറ്റ്മെന്റ് ഉണ്ട്. ആ കമ്മിറ്റ്മെന്റെന്നു പറയുന്നത്...

മി. സ്പീക്കർ : അത് പ്രതിപക്ഷ നേതാവ് പറഞ്ഞു കഴിഞ്ഞു. യെസ്.. യെസ്...

ശ്രീ. കെ. എം. മാണി : .....(ബഹളം)..... ഒരു കാര്യം പറഞ്ഞോട്ടെ സർ, ആദിവാസി ഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ട് അദ്ദേഹം നിയമസഭയിൽ പറഞ്ഞ കാര്യം ഞാൻ പറയുകയാണ്. ആദിവാസി.....

മി. സ്പീക്കർ : അതെല്ലാം പറഞ്ഞു കഴിഞ്ഞതാണ്. ശ്രീ. കെ. എം. മാണി, പ്ലീസ്.

ശ്രീ. കെ. എം. മാണി : അതല്ല ഒരു സെന്റൻസ് പറയുന്നുണ്ട്. .....(ബഹളം)..... ഈ നടപടി ക്രമങ്ങളിൽ തെറ്റ് സംഭവിച്ചിട്ടുണ്ട് എന്നും ക്രമവിരുദ്ധമായ പ്രവർത്തി.....

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്...

ശ്രീ. കെ. എം. മാണി : .....കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിച്ചും.....വ്യാജരേഖയാണെന്നു കണ്ടപ്പോൾ അതിന്മേൽ കേസ് രജിസ്റ്റർ ചെയ്ത് .....വ്യാജസർട്ടിഫിക്കറ്റ് സമർപ്പിച്ചവരെ അറസ്റ്റ് ചെയ്തോ ?

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്... .....(ബഹളം)...

ശ്രീ. കെ. എം. മാണി : സർ, എനിക്ക് മൈക്ക് തരണം.

മി. സ്പീക്കർ : ഇതിനൊരു നടപടിക്രമമുണ്ടല്ലോ. .....(ബഹളം)..... മൈക്കുണ്ട്.....

ശ്രീ. കെ. എം. മാണി : അങ്ങ് എനിക്ക് സമയം തരണം. ...(ബഹളം)...

മി. സ്പീക്കർ : അങ്ങ് ആ പോയിന്റ് പറഞ്ഞ് അവസാനിപ്പിക്കണം.... പ്ലീസ്... അങ്ങ് പറയണം.

ശ്രീ. കെ. എം. മാണി : ...(ബഹളം) ...പറയുന്നത് എങ്ങനെയാണ്. ഒച്ച വയ്ക്കുകയല്ലേ ? അങ്ങ് അവരോട് ഇരിക്കാൻ പറയണം. .....(ബഹളം)..... ക്രമവിരുദ്ധമായി ഉത്തരവുണ്ടെങ്കിൽ അത് പരിശോധിച്ച് നടപടിയെടുക്കുമെന്നാണ്. ആറ് വ്യാജപ്രമാണങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ആ പ്രമാണങ്ങൾ ചമച്ചവരെ.....

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്...

ശ്രീ. കെ. എം. മാണി : ...പ്രമാണങ്ങൾ റദ്ദ് ചെയ്ത് നടപടി സ്വീകരിച്ച് സാർജന്റ് റിയാലിറ്റിസിനെ..... വ്യാജ പ്രസ്താവന ചെയ്യുന്ന ശ്രീ. എ. കെ. ബാലനെ (ബഹളം)....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : യെസ്..... അങ്ങ് അവസാനിപ്പിക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്...

ശ്രീ. ഉമ്മൻ ചാണ്ടി : സർ, മാണിസാർ ഇവിടെ പറഞ്ഞ പ്രശ്നമാണ് ഞാൻ ഇവിടെ ഉന്നയിച്ചത്. അത് വളരെ വ്യക്തമാണ്. ബഹുമാനപ്പെട്ട എ. കെ. ബാലൻ, അങ്ങ് ഇപ്പോൾ പറഞ്ഞ മറുപടി കേട്ടാൽ അങ്ങയുടെ ഡിപ്പാർട്ടുമെന്റിൽപ്പെട്ട ഐ.ടി.ഡി.പി. പ്രോജക്ട് ഓഫീസറെ അങ്ങ് വിശ്വസിക്കുന്നില്ല, ജില്ലാ കളക്ടറെ അങ്ങ് വിശ്വസിക്കുന്നില്ല എന്നാണ്. അങ്ങയുടെ ഐ.ടി.ഡി.പി. ഓഫീസറുടെ റിപ്പോർട്ട് എന്താണ് ? ഷോളയാർ വില്ലേജിൽ 1275-ാം നമ്പർ സർവ്വേയിൽപ്പെട്ട 150-ൽപ്പരം ഏക്കർ സ്ഥലം 40 വർഷങ്ങളിലേറെയായി നല്ലശിങ്ക ഊരിലേയും വനരംപടി ഊരിലേയും ആദിവാസികൾ കൈവശം വച്ച് അനുഭവിച്ചുവരുന്നതാണെന്നും ഇവർ കാലാകാലങ്ങളിൽ നികുതി അടച്ചുവരുന്നതാണെന്നും നേരിട്ടുള്ള അന്വേഷണത്തിൽ അറിയുന്നു". ഇത് അങ്ങയുടെ ഐ.ടി.ഡി.പി. ഓഫീസറുടെ റിപ്പോർട്ടാണ്. ഇതു നിങ്ങളുടെ ജില്ലാ കളക്ടറുടെ റിപ്പോർട്ടാണ്. ഈ രണ്ടു ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് വിശ്വസിക്കുന്നില്ലെന്നാണോ അതിന് അർത്ഥം ?

മി. സ്പീക്കർ : യെസ്...ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്...

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഞാൻ ഇത് പറഞ്ഞ് തീർക്കുകയാണ്, ഇടയ്ക്ക് മന്ത്രിമാർ പറഞ്ഞതുകൊണ്ടാണ്. ഐ.ടി.ഡി.പി. ഓഫീസറുടെ റിപ്പോർട്ട്, ഇവർ വിശ്വസിക്കുന്നുണ്ടോ ; ഇത് നിങ്ങൾ കണക്കിലെടുക്കുന്നുണ്ടോ. കളക്ടറുടെ റിപ്പോർട്ട് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ ?

മി. സ്പീക്കർ : യെസ്...യെസ്..... ബഹുമാനപ്പെട്ട മിനിസ്റ്റർ,

ശ്രീ. എ. കെ. ബാലൻ : ഇതിൽ യാതൊരു വിധത്തിലും സംശയത്തിന് ഇടയാകാത്ത രൂപത്തിൽ ഞാൻ പറഞ്ഞു, ഐ.ടി.ഡി.പി. പ്രോജക്ട് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കളക്ടർ റിപ്പോർട്ട് തയ്യാറാക്കിയത്. നൂറുശതമാനവും ക്യാബിനറ്റ് അംഗീകരിച്ചുകൊണ്ടാണ് ഒരു ഉന്നതതല കമ്മിറ്റിയെ വച്ചിട്ടുള്ളത്.....(ബഹളം).... ഞാൻ പ്രതിപക്ഷ നേതാവിനോട് പറയട്ടെ.

ബഹുമാനപ്പെട്ട കെ. എം. മാണിസാറും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും അറിയാൻ വേണ്ടി വളരെ സീരിയസായിട്ടുള്ള പ്രശ്നം കൂടി ഞാൻ പറയുകയാണ്. അതു കേട്ടതിന് ശേഷം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പ്രതികരിക്കൂ. ഒരു വാക്കേ ഞാൻ പറയുന്നുള്ളൂ. ഈ ഭൂമി ഈ രൂപത്തിൽ നഷ്ടപ്പെട്ടിട്ടുണ്ട്. ഈ നഷ്ടപ്പെട്ട ഭൂമി ആദിവാസിക്ക് തിരിച്ചുകൊടുക്കാനായിരുന്നല്ലോ 1975-ൽ നമ്മളെല്ലാവരും ഒരു നിയമം കൊണ്ടുവന്നത്. നമുക്ക് അത് നടപ്പിലാക്കാൻ കഴിഞ്ഞില്ല. അതിനുശേഷം 1999-ൽ... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് അറിയാമല്ലോ ? 1986 ജനുവരി 24-ാം തീയതിവരെ കൈമാറ്റം നടന്ന എല്ലാ ഭൂമിക്കും അഞ്ച് ഏക്കർ വരെ പ്രൊട്ടക്ഷൻ കൊടുത്തത്, ഭരണ-പ്രതിപക്ഷഭേദമന്യേ യോജിച്ചുകൊണ്ടല്ലേ ? ആ പ്രൊട്ടക്ടഡ് ഭൂമിയിലാണോ ഈ ഭൂമിയെന്നുള്ളത്

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് ഒരു പരിശോധന നടത്തണ്ടേ. ഐ.ടി.ഡി.പി. പ്രോജക്ട് ഓഫീസറുടെ റിപ്പോർട്ടിന്റെ ഭാഗമായി മാത്രം അത് പരിശോധിച്ചാൽ പോരാ. ഉന്നതതലത്തിൽ 1999-ന്റെ പ്രൊട്ടക്ഷൻ ഇവർക്ക് ഉണ്ടോ, ഇല്ലയോ എന്ന കാര്യംകൂടി നമ്മൾ പരിശോധിക്കണ്ടേ. ഞാൻ അതുകൊണ്ട് പ്രതിപക്ഷ നേതാവിനോട്, ഇത് ഇരുതല മൂർച്ചയുള്ള ഒരു പ്രശ്നമാണ്, കൈകാര്യം ചെയ്യുമ്പോൾ വളരെ സൂക്ഷിക്കണം. ഈ കാര്യങ്ങളെല്ലാം പരിശോധിച്ചിട്ട് മാത്രമേ ഒരു വാക്കൗട്ടിലേയ്ക്ക് പ്രതിപക്ഷ നേതാവ് പോകാൻ പാടുള്ളൂ ഇത് അപകടകരമായ ഒരു സന്ദേശമാണ് എന്നുകൂടി ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, അങ്ങ് പറഞ്ഞ 1999-ലെ നിയമവും അതിനുള്ള പ്രൊട്ടക്ഷനും കാര്യങ്ങളുമെല്ലാം ഞങ്ങൾക്കറിയാം. പക്ഷെ അങ്ങയുടെ ഐ.ടി.ഡി.പി. ഓഫീസർ തന്നിരിക്കുന്ന റിപ്പോർട്ട് എന്താണ് ? ശ്രീ. എ. കെ. ബാലൻ ഇത് കേൾക്കണം. .....(ബഹളം). അങ്ങയുടെ ഉദ്യോഗസ്ഥൻ, ഞങ്ങളാരും സ്വാധീനിച്ചതല്ലല്ലോ, ഞങ്ങൾ പറഞ്ഞതല്ലല്ലോ. അങ്ങയുടെ ഐ.ടി.ഡി.പി. ഓഫീസർ അന്വേഷിച്ചിട്ട് തന്നിരിക്കുന്ന റിപ്പോർട്ട് കഴിഞ്ഞ 40 വർഷത്തിലധികമായി ആദിവാസികളുടെ കൈവശത്തിലിരിക്കുന്ന ഭൂമിയാണെന്ന് പറയുന്നു. അതിനെക്കുറിച്ച് അങ്ങനെയാണ് പറയുന്നത് ?

ശ്രീ. എ. കെ. ബാലൻ : സർ, 40 വർഷം കൈവശം വച്ച ഭൂമിയാണെങ്കിൽ ആദിവാസിക്ക് അവകാശപ്പെട്ടതാണോ അല്ലയോ എന്ന് നമ്മൾ പരിശോധിക്കണ്ടേ ? 1999-ൽ നിങ്ങളും ഞങ്ങളും കൂടി കൊണ്ടുവന്നിട്ടുള്ള ഭൂമിയുടെ ഭാഗമായി, 1986 ജനുവരി 24 വരെ ട്രാൻസ്ഫർ ചെയ്തതിന് നിങ്ങൾ പ്രൊട്ടക്ഷൻ കൊടുത്തില്ലേ, ഈ നിയമസഭ പ്രൊട്ടക്ഷൻ കൊടുത്തില്ലേ ? ആ ഭൂമിയാണോ എന്ന് റവന്യൂ വകുപ്പൊന്ന് പരിശോധിക്കണ്ടേ ? ആ പരിശോധനയ്ക്ക് ശേഷം സാർ പറഞ്ഞ രൂപത്തിൽ നമ്മളൊരു ആക്ഷനെടുക്കുന്നുവെങ്കിൽ അതിന് ഒരു എൻഫോഴ്സ്മെന്റുണ്ട്. അതിന് വിജിലൻസിയുണ്ട്. ബഹുമാനപ്പെട്ട മാണിസാറിന് അറിയാമല്ലോ. അക്കാര്യങ്ങൾ പരിശോധിക്കണമെന്നേ ഞാൻ പറഞ്ഞിട്ടുള്ളൂ.

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്.....

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഞാൻ അവസാനിപ്പിക്കുകയാണ്. .....(ബഹളം)..... 40 വർഷമായി കൈവശമിരിക്കുന്ന ഭൂമി റവന്യൂ ഭൂമിയോ അല്ലെങ്കിൽ വനഭൂമിയോ ഒന്നുമല്ല. ഈ റിപ്പോർട്ടിലുണ്ട്. ഏതാണെന്ന് അറിയാമോ. 40 വർഷത്തിലേറെയായി നല്ലശിങ്കം ഊരിലേയും വനരംപടി ഊരിലേയും ആദിവാസികൾ..... ആദിവാസി ഊരിൽ ആദിവാസി ഭൂമിയല്ലാത്ത ഭൂമി ഏതാണുള്ളത്. ബഹുമാനപ്പെട്ട എ. കെ. ബാലൻ പറയൂ. ആദിവാസി ഊരിൽ ആദിവാസി ഭൂമി.... അങ്ങ് പോയി ആദിവാസി ഊരുകളിലൊക്കെ താമസിച്ചല്ലോ. ആദിവാസി ഊരിൽ ആദിവാസികളുടേതല്ലാത്ത ഭൂമി വരുമോ ? കഴിഞ്ഞ 40 വർഷക്കാലമായി അവരുടെ കൈവശമിരിക്കുന്നു എന്നു പറയുന്ന ഭൂമി.....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്...പ്ലീസ്...പ്ലീസ്...

ശ്രീ. ഉമ്മൻ ചാണ്ടി : ഉടനെ ഭൂമി അവർക്ക് കൊടുക്കും, ഒരു മാസം കൊണ്ട് കൊടുക്കുമെന്ന് പറയുന്നത് നിങ്ങൾക്ക് ഈ പഞ്ചായത്ത് തെരഞ്ഞെടുപ്പൊന്ന് തട്ടിക്കൂട്ടി പോകണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കുന്നു, ഞങ്ങൾ ഇത്രയും നേരം ശ്രീ. എ. കെ. ബാലനോടും ശ്രീ. കെ. പി. രാജേന്ദ്രനോടും പറഞ്ഞിട്ട് അവർ ആദിവാസികളോട് കരുണ കാട്ടുന്ന നിലപാടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കാര്യത്തിൽ പറയണം, കളക്ടറുടെ റിപ്പോർട്ടനുസരിച്ച് ഐ.ടി.ഡി.പി. ഓഫീസറുടെ റിപ്പോർട്ടനുസരിച്ച് നടപടിയെടുക്കാൻ തയ്യാറാകുമോ ? .....(ബഹളം).....

മുഖ്യമന്ത്രി (ശ്രീ. പി. എസ്. അച്യുതാനന്ദൻ) : സർ, കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി എടുക്കുന്നതിനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ആദ്യംതന്നെ പറഞ്ഞത്. ഒരു നടപടി എടുക്കണമെങ്കിൽ ആ നടപടി കോടതിയിലോ മറ്റ്നിലയിലോ ഇൻവാലിഡ് ആകാൻ ഇടയില്ലാത്ത വിധത്തിലുള്ള നടപടിയായിരിക്കണം എടുക്കേണ്ടത്. അതിനാണ് ചീഫ്സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി പോയി വിശദമായി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നടപടിയെടുക്കാൻ ശ്രമിക്കുന്നത്. അതാണ് ഒരു ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നത്. അതിന്റെ പഴയ ചരിത്രങ്ങളെല്ലാം വിശദീകരിച്ചുകൊണ്ട് ശ്രീ. എ. കെ. ബാലനും ഇതേപ്പറ്റി പറഞ്ഞത്. അതാണ് ഇത് രണ്ടുമാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് പറയാനുള്ളത്. ഈ അവസാന ദിവസം ഇതുപോലുള്ള കാര്യങ്ങൾ ശ്രദ്ധാപൂർവ്വം കേട്ട് നടപടി സ്വീകരിക്കാൻ നിങ്ങൾക്ക് കഴിയുന്നില്ലെങ്കിൽ മറ്റു ഉദ്ദേശത്തോടുകൂടിയാണ് നിങ്ങൾ ഈ ശ്രമം നടത്തുന്നതെന്ന് ഞങ്ങൾക്ക് കരുതേണ്ടിവരും.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം വെല്ലിലിറങ്ങി മുദ്രാവാക്യം വിളിച്ച്കൊണ്ടിരുന്നു.)

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലേയ്ക്ക് പോകണം. അല്ലെങ്കിൽ മുഖ്യമന്ത്രി പറഞ്ഞുകഴിഞ്ഞല്ലോ.

.....(ബഹളം)..... ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലേയ്ക്ക് പോകണം. അല്ലെങ്കിൽ ചെയർ അടുത്ത നടപടിക്രമങ്ങളിലേയ്ക്ക് കടക്കുന്നതാണ്.

ഓർഡർ..... ഓർഡർ.... ശ്രദ്ധക്ഷണിക്കൽ. പ്രൊഫ.എൻ. ജയരാജ്..... (Not in the seat) ശ്രീമതി കെ.കെ. ലതിക.....

(പ്രൊഫ.എൻ.ജയരാജ് സീറ്റിലില്ലാതിരുന്നതിനാൽ ഒന്നാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

LIBRARY ARCHIVES Kerala Legislative Assembly